(സി) മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഡോക്ടർമാരുടെയും നേഴ്സ്മാരുടെയും സാങ്കേതിക വിദഗ്ദ്ധരുടെയും ഒഴിവുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

(ബി) അതേകുറിച്ച് അലോചിച്ചിട്ടില്ല.

(സി) ഉണ്ട്. പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ടി.എ. ബില്ലിന് സാങ്ഷൻ നൽകാൻ നടപടി

173 (3363) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ഡി. എം. ഒ.(എച്ച്)ൽ നിന്ന് നോൺ മെഡിക്കൽ സൂപ്പർ വൈസർമാരുടെ 2-12-1999-ാം തീയതിയിലെ ബി 3-4193/99-ാം നമ്പർ ട്രാൻസ്ഫർ ടി. എ.യിൽ ഡി.എച്ച്. എസ് വഴി സാങ്ഷനുവേണ്ടി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ബില്ലിന് സാങ്ഷൻ നല്കിയിട്ടുണ്ടോ; എങ്കിൽ എന്നായിരുന്നു ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) 22-3-2000-ലെ ജി.ഒ. (ആർ.റ്റി) 754/2000/എച്ച് ആന്റ് എഫ്. ഡബ്ല്യൂ. ഡി. നമ്പർ ഉത്തവ് പ്രകാരം സാങ്ഷൻ നല്കിയിട്ടുണ്ട്.

അരുവിപ്പുറത്ത് ആശുപത്രി നിർമ്മിക്കാൻ നടപടി

174 (3364) ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ അരുവിപ്പുറം എന്ന സ്ഥലത്ത് ഒരു ആശുപത്രി സ്ഥാപിക്കുവാൻ ജനങ്ങൾ ഒരേക്കർ സ്ഥലം സർക്കാരിന് സംഭാവന നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവിടെ ആശുപത്രികെട്ടിടം പണി ചെയ്യുമോ ;

(സി) ഇനി പ്രസ്തുത കെട്ടിത്തിൽ എന്തെല്ലാം ഫിറ്റിംഗുകൾ നടത്താനുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇവിടെ ആശുപത്രി സ്ഥാപിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഇ) ഇവിടെനിന്നും എത്ര കിലോമീറ്റർ അകലെയാണ് മറ്റ് ആശുപത്രികളുള്ളത് ;

(എഫ്) ഈ സ്ഥലത്തുള്ള നാണംകോട്, എരുമല, എന്നീ പട്ടികജാതി, പട്ടികവർഗ്ഗ കോളനികളിലെ നിർദ്ധനരായ ആളുകൾക്ക് അകലെയുള്ള ആശുപത്രിയിൽ ചികിത്സയ്ക്ക് പോകുന്നത് സൗകര്യപ്രദമാണോ ;

(ജി) ഈ കെട്ടിടത്തിൽ അടിയന്തിരമായി ആശുപത്രി തുടങ്ങാൻ നടപടിയെടുക്കുമോ ;

(എച്ച്) ഈ കെട്ടിടം ആശുപത്രിക്കല്ലാതെ മറ്റെന്തെങ്കിലും ഉപയോഗത്തിന് അനുയോജ്യമാണോ ;

(ഐ) എങ്കിൽ എന്തുപയോഗത്തിനാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നൽകിയിട്ടുണ്ട്.

(ബി) കെട്ടിടം പണി ചെയ്തിട്ടുണ്ട്.

(സി) ഇലക്ട്രിസിറ്റി, ഫർണിച്ചറുകൾ, കിണർ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തുവാനുണ്ട്.

(ഡി) ചോദ്യമുദിക്കുന്നില്ല.

(ഇ) ഇവിടെനിന്നും പത്ത് കിലോമീറ്റർ അകലെ കല്ലറ പി.എച്ച്. സെന്റർ സ്ഥിതി ചെയ്യുന്നു.

(എഫ്) അല്ല.

(ജി) നടപടി സ്വീകരിക്കുന്നതാണ്.

(എച്ച് & ഐ) ആശുപത്രിക്ക് വേണ്ടിയാണ് ഈ കെട്ടിടം പണി കഴിപ്പിച്ചിട്ടുള്ളത്. അതിനാൽ മറ്റൊരാവശ്യത്തിനും ഈ കെട്ടിടം വിട്ടു കൊടുക്കാൻ സാദ്ധ്യമല്ല.

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ എച്ച്. ഡി.എസ്. അപ്പോയിന്റുമെന്റ് കമ്മിറ്റി

175 (3365) ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ എച്ച്.ഡി.എസ്.-ൽ അപ്പോയിന്റുമെന്റ് കമ്മിറ്റിയുണ്ടോ ;

(ബി) എങ്കിൽ ഈ കമ്മിറ്റി സെക്യൂരിറ്റി സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; ലിസ്റ്റിൽ നിന്നും ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly